# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3610** **20/06/2018-ൽ മറുപടിയ്ക്ക്**

## സ്റ്റെന്റിന്റെയും മെഡിക്കേറ്റഡ് സ്റ്റെന്റിന്റെയും വില നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) ഏദയ ശസ്ത്രക്രിയകളിലുപയോഗിക്കുന്ന സ്റ്റെന്റിന്റെയും മെഡിക്കേറ്റഡ് സ്റ്റെന്റിന്റെയും വില നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി വളരെയധികം കറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വില നിയന്ത്രണത്തിനു മുൻപും ശേഷവുമുള്ള ഇവയുടെ വില എത്രയാണ്; വ്യക്തമാക്കുമോ; | എ) ഉണ്ട്. ദേശീയ ഔഷധ വില നിയന്ത്രണ സമിതി 13/02/2017-ൽ സ്റ്റെന്റുകൾക്ക് അടിസ്ഥാന വില നിശ്ചയിച്ചറപ്പിച്ച് പുറത്തിറക്കിയ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം 30,000 രൂപ മുതൽ 75,000 രൂപ വരെ വില ഈടാക്കിയിരുന്ന മരുന്നുകളില്ലാത്ത ബെയർ മെറ്റൽ സ്റ്റെന്റുകളുടെ അടിസ്ഥാന വില (സീലിംഗ് പ്രൈസ്) 7260 രൂപയും 1,98000 രൂപ വരെ ഈടാക്കിയിരുന്ന മരുന്നുകളോട്ടുകൂടിയ മെറ്റൽ സ്റ്റെന്റുകൾ, ബയോ റീസോർബബിൾ വാസ്കുലാർ സ്കാഫോൾഡ്, ബയോ ഡീഗ്രേഡബിൾ സ്റ്റെന്റ് എന്നിവയുടെ അടിസ്ഥാന വില 29600 രൂപയുമാക്കി. 01/04/2017-ലെ ഗസറ്റ് വിജ്ഞാപനം SO 1041 (E) പ്രകാരം ബെയർ മെറ്റൽ സ്റ്റെന്റുകളുടെ അടിസ്ഥാന വില (സീലിംഗ് പ്രൈസ്) 7400 രൂപയും മരുന്നുകളോട്ടുകൂടിയ മെറ്റൽ സ്റ്റെന്റുകൾ, ബയോ റീസോർബബിൾ വാസ്കുലാർ സ്കാഫോൾഡ്, ബയോ ഡീഗ്രേഡബിൾ സ്റ്റെന്റ് എന്നിവയുടെ അടിസ്ഥാന വില 30180 രൂപയും ആക്കി ഭേദഗതി വരുത്തി.<br>ഇത് കൂടാതെ 12/02/2018-ലെ ഗസറ്റ് വിജ്ഞാപനം SO 639(E) പ്രകാരം ബെയർ മെറ്റൽ സ്റ്റെന്റുകളുടെ അടിസ്ഥാന വില (സീലിംഗ് പ്രൈസ്) 7660 രൂപ ആക്കി ഉയർത്തുകയും, മരുന്നുകളോട്ടുകൂടിയ മെറ്റൽ സ്റ്റെന്റുകൾ, ബയോ റീസോർബബിൾ വാസ്കുലാർ സ്കാഫോൾഡ്, ബയോ ഡീഗ്രേഡബിൾ സ്റ്റെന്റ് എന്നിവയുടെ അടിസ്ഥാന വില 27890 രൂപ ആക്കി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. |

**ബി)** വില നാലിലൊന്നായി കുറച്ചിട്ടും സംസ്ഥാനത്തെ പല സ്വകാര്യ ആശുപത്രികളിലും പ്രസ്തുത നിരക്കിലുണ്ടായിട്ടുള്ള കുറവ് രോഗികൾക്ക് നൽകാതെ അനുബന്ധ ചാർജ്ജുകൾ വർദ്ധിപ്പിച്ച് രോഗികളെ ചൂഷണം ചെയ്യുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ രോഗികളിൽ നിന്നും ഇപ്രകാരം അമിത ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങളുടെ പേരു വിവരവും ഇവർക്കെതിരെ സ്വീകരിച്ച നടപടിയും എന്താണെന്ന് വ്യക്തമാക്കുമോ?

**ബി)** ഉണ്ട്. ഇത്തരത്തിൽ എസ്.കെ. ഹോസ്പിറ്റൽ, ഇടപഴഞ്ഞി, തിരുവനന്തപുരം എന്ന ആശുപത്രിക്കെതിരെ ഒരു പരാതി ലഭിച്ചിരുന്നു. എന്നാൽ പരിശോധനയിൽ ശസ്ത്രക്രിയയ്ക്കുപയോഗിച്ച സ്റ്റെന്റുകൾക്ക് എൻ.പി.പി.എ. നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയാണ് പ്രസ്തുത സ്ഥാപനം ഈടാക്കിയതായി കണ്ടെത്താൻ കഴിഞ്ഞത്. സ്റ്റെന്റുകൾക്ക് വില നിയന്ത്രണം പ്രാബല്യത്തിൽ വന്നതറിയാതെ NPPA യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക തുക ഈടാക്കിയ രണ്ട് സ്ഥാപനങ്ങൾ അധികമായി ഈടാക്കിയ തുക രോഗികൾക്ക് മടക്കി നൽകിയിട്ടുണ്ട്. ഇതു കൂടാതെ ആശുപത്രിയുടെ പേര് എടുത്തു പറയാതെ പൊതുവായി സമർപ്പിച്ച മൂന്ന് പരാതികൾ കൂടി ഡ്രഗ്സ് കൺട്രോൾ വകുപ്പിന് ലഭിച്ചിരുന്നു. വില നിയന്ത്രണം ഏർപ്പെടുത്തിയശേഷം, ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധനകളിലൂടെയും അന്വേഷണങ്ങളിലൂടെയും സ്ഥാപനങ്ങൾ നിയമാനുസൃതം ആണ് സ്റ്റെന്റുകൾക്ക് വില ഈടാക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**